LIBRARY ARCHIVES Kerala Legislative Assembly

സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പ

11 (3220) ശ്രീ. എം. എ. വാഹീദ് :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997-98 മുതൽ സംസ്ഥാന ഗവൺമെന്റ് സഹകരണ സ്ഥാപനങ്ങളിൽ നിന്നും എത്ര തുക കടമെടുത്തിട്ടുണ്ട് ;

(ബി) ഇതിന്റെ പലിശ എത്ര വീതമായിരുന്നു ;

(സി) ഇതുവരെ പ്രസ്തുത തുകയുടെ പലിശയിനത്തിൽ എത്ര രൂപ സഹകരണ സ്ഥാപനങ്ങൾക്ക് നൽകി ;

(ഡി) മുതലിൽ എത്ര തുക കൊടുത്തു തീർക്കാനുണ്ട് ;

(ഇ) കുറഞ്ഞ പലിശയ്ക്ക് കടമെടുത്ത് കൂടിയ പലിശയുള്ള പ്രസ്തുത സഹകരണ വായ്പ അടച്ചു തീർക്കാനുദ്ദേശമുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന ഗവൺമെന്റ് സഹകരണ സ്ഥാപനങ്ങളിൽ നിന്നും കടമെടുപ്പ് നടത്തിയിട്ടില്ല.

(ബി-ഇ) ഉദിക്കുന്നില്ല.

മഹിളാപ്രധാൻ ഏജന്റുമാരുടെ സേവനവേതന വ്യവസ്ഥകൾ

12 (3221) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോസ്റ്റാഫീസുകൾ മുഖേന നാഷണൽ സേവിംഗ്സ് ഏജന്റുമാരുടെ (മഹിളാപ്രധാൻ) സേവനം വിലിയിരുത്തിയിട്ടുണ്ടോ ;

(ബി) കഴിഞ്ഞ നാല് വർഷത്തിൽ ഓരോവർഷവും സംസ്ഥാനത്ത് നാഷണൽ സേവിംഗ്സിൽ എന്തു വർദ്ധന ഉണ്ടായിട്ടുണ്ടെന്നു വ്യക്തമാക്കാമോ ;

(സി) മഹിളാപ്രധാൻ ഏജന്റുമാരുടെ സേവന വേതന വ്യവസ്ഥകൾ തുച്ഛമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഏജന്റുമാർക്ക് നൽകിവരുന്ന കമ്മീഷൻ, അലവൻസ് എന്നിവ വർദ്ധിപ്പിക്കണമെന്ന് ഇവർ ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഇ) ഏജന്റുമാർക്ക് പെൻഷൻ സമ്പ്രദായം നിലവിൽ വന്നിട്ടുണ്ടോ ; എങ്കിൽ ഏത് വ്യവസ്ഥയനുസരിച്ച് ; ഉത്തരവിന്റെ പകർപ്പു ലഭ്യമാക്കാമോ ?